
ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
29 FEBRUARY 2024 | VOL 03 | ISSUE 059 | 758

QUOTES OF DAYS
FEB 29



നിങ്ങളുടെ സഭയിൽ മിഷണറിമാരുണ്ടോ? മിഷനറിമാരില്ലാത്ത സഭ ക്രിസ്തു വരുമ്പോൾ കാണാതെ പോകുന്ന സഭയായിരിക്കും.
**എഫ്. ബി. മേയർ**

# കുർബാനാ വീഞ്ഞിൽ വിഷം കലർത്തി വൈദികനെ അപായപ്പെടുത്താൻ ശ്രമം






**റോം:** ഇറ്റലിയിൽ വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞിൽ രാസവസ്തു കലർത്തി വൈദികനെ അപായപ്പെടുത്താൻ ലഹരി മാഫിയാ സംഘത്തിന്റെ ശ്രമം.

ഫെബ്രുവരി 24നു നടന്ന പരിശുദ്ധ കുർബാനയ്ക്കിടയിലാണ് ഇടവക ജനങ്ങളെയും വൈദിക സമൂഹത്തെയും ആശങ്കയിലാഴ്ത്തിയ സംഭവം. കാസയിൽ നിന്ന് അസ്വാഭാവികമായ മണം ഉയർന്നതിനെ തുടർന്ന് വൈദികനുണ്ടായ സംശയമാണ് വലിയ ദുരന്തം ഒഴിവാക്കാൻ ഇടയായത്.

വിബോ വലെന്റിയ പ്രവിശ്യയിലെ സാൻ നിക്കോള ഡി ഇടവക വികാരി ഫാ. ഫെലിസ് പലമാരയെയാണ് മാഫിയാ സംഘം വധിക്കാൻ ശ്രമിച്ചത്. കുർബാനയ്ക്കിടയിൽ കാസയിൽ നിന്ന് വിചിത്രമായ മണം ഉയർന്നതിനെ തുടർന്ന് വൈദികൻ താൽക്കാലികമായി പരിശുദ്ധ കുർബാന നിർത്തിവെക്കുകയായിരുന്നു. സംഭവത്തെ ട്രോപിയ മിലെറ്റോ നിക്കോട്ടെറ ബിഷപ്പ് അറ്റിലിയോ നോസ്ട്രോ അപലപിച്ചു. 'ഇടവകകളുടെ ക്രിസ്തീയ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്തതും ഭയപ്പെടുത്തുന്നതുമായ പ്രവൃത്തികൾ മൂലം രൂപത ഏറെ കഷ്ടതകൾ അനുഭവിക്കുന്നു. അക്രമത്തിന്റെ ഈ ഭാഷയിൽ തളരരുതെന്ന് ക്രിസ്ത്യൻ സമൂഹങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. ഞങ്ങൾക്കിത് അംഗീകരിക്കാൻ കഴിയില്ല. വിദ്വേഷത്തോടെയും വെറുപ്പോടെയും പ്രതികരിക്കരുത്. കാരണം, അത് സമാധാനത്തിന്റെ പാതയല്ല' ബിഷപ്പ് പ്രസ്താവനയിൽ അറിയിച്ചു.

ഇതേ രൂപതയിലെ മറ്റൊരു വൈദികനായ ഫാ. ഫ്രാൻസെസ്കോ പോണ്ടോറിയോയ്ക്കെതിരെയും കഴിഞ്ഞ ദിവസങ്ങളിൽ വധഭീഷണി ഉണ്ടായിരുന്നതായി ബിഷപ്പ് വെളിപ്പെടുത്തി.

## CARTOON:



YET ANOTHER ATTEMPT TO FIT A CAMEL THROUGH A NEEDLE

29 FEBRUARY 2024
VOL 03 | ISSUE 059 | 758

എഡിറ്റോറിയൽ



# ഡ്രൈവർ ഇല്ലാതെ ഓടുന്ന വണ്ടികൾ...

ഷാജൻ പാറക്കടവിൽ

അതിനൂനതമായ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഡ്രൈവർ ഇല്ലാതെ സഞ്ചരിക്കുന്ന വാഹനങ്ങളുടെ നിർമ്മിതി ലോകത്തിന്റെ പല ഭാഗങ്ങളിൽ ഇതിനോടകം ഉണ്ടായിക്കഴിഞ്ഞു. അത്തരത്തിലുള്ള വാഹനങ്ങൾ ആൾ സഞ്ചാരത്തിനും മറ്റിതര വ്യാവസായിക കാര്യങ്ങൾക്കുമായി ഉപയോഗിക്കുന്ന സംവിധാനം വികസിത രാജ്യങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. റോബോട്ടുകളും എ ഐ സാങ്കേതിക വിദ്യകളും ഇന്ന് ലോകത്തെ കീഴടക്കുമ്പോൾ അതിന്റെ ഭാഗമായി കഴിഞ്ഞു നമ്മൾ ഭാരതീയരും.

എന്നാൽ കഴിഞ്ഞ ദിവസം ജമ്മുവിലെ കത്വ സ്റ്റേഷനിൽ 7.25 ന് ഡ്യൂട്ടി മാറാനായി ലോക്കോ പൈലറ്റ് പുറത്തിറങ്ങിയപ്പോൾ മുന്നോട്ട് നീങ്ങിയ ചരക്ക് ട്രെയിൻ 84 കിലോമീറ്റർ ദൂരം തനിയെ ഓടി ഒടുവിൽ 9 മണിക്ക് പഞ്ചാബിലെ ഘോഷിയാർപൂരിൽ എത്തിച്ചേർന്നു. അപകടങ്ങളും ആളപായങ്ങളും ഒന്നും ഇല്ലാതെ. കരിങ്കൽ കഷണങ്ങൾ നിറച്ച 53 വാഗൺ ആണ് ട്രെയിനിൽ ഉണ്ടായിരുന്നത്. ശരാശരി 84 കിലോമീറ്റർ വേഗത്തിലോടിയ ചരക്ക് ട്രെയിൻ ചില സ്റ്റേഷനുകളിൽ 100 കിലോമീറ്റർ വേഗത്തിൽ കടന്നുപോകുന്നതിന്റെ ദൃശ്യങ്ങൾ ഇതിനോടകം സാമൂഹ്യമാധ്യമങ്ങൾ ആഘോഷമാക്കി.കത്വ സ്റ്റേഷനിൽ നിർത്തിയ ചരക്കുവേണ്ടി ഇറക്കമായതിനാൽ തനിയെ മുന്നോട്ടു നീങ്ങി എന്നു റെയിൽവേ വിശദീകരണം നൽകുമ്പോൾ ബ്രേക്ക് വീഴ്ച വന്നു എന്നാണ് റിപ്പോർട്ടുകൾ.

പഞ്ചാബിലെ മുകേരിയനിലെ ഉൻചി ബസ് സ്റ്റേഷനിലെ കയറ്റമുള്ള ഭാഗത്ത് വന്നപ്പോഴാണ് ട്രെയിനിന്റെ വേഗത കുറഞ്ഞത്. ഒടുവിൽ മണൽ ചാക്കുകൾ നിരത്തി ട്രെയിൻ നിർത്തുകയായിരുന്നു. എല്ലാ സ്റ്റേഷനുകളിൽ നിന്നും മുന്നറിയിപ്പ് നൽകിയതുകൊണ്ട് വൻ ദുരന്തം ഒഴിവായി. 2020 ൽ കണ്ണൂർ തലശ്ശേരി റൂട്ടിൽ ട്രെയിൻ ലോക്കോ പൈലറ്റ് ഇല്ലാതെ ഒന്നര കിലോമീറ്റർ ഓടി തനിയെ നിന്നു.2017 ൽ കർണാടകയിലും 2018 ഒഡീഷയിലും സമാനസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഈ സംഭവം ഒന്നുകൂടി പുനർ വായനയ്ക്ക് വിധേയമാക്കിയത് എന്തിന് എന്ന് ചോദിച്ചാൽ നമ്മുടെ സഭകളുടെയൊക്കെ ഇപ്പോഴത്തെ ചലനം ഏകദേശം ഈ സമാന സംഭവങ്ങൾക്ക് ഒപ്പമാണ്. സഭാനാഥൻ വേദി വിട്ട് ഇറങ്ങി പോയിട്ട് നാളുകൾ ഏറെയായി എന്നിട്ടും അതൊന്നും അറിയാതെ സഭ ചലിച്ചുകൊണ്ടേയിരിക്കുന്നു. പാരമ്പര്യമായി പൈതൃകമായി നിർമ്മിക്കപ്പെട്ട ട്രാക്കുകളിൽ തടസങ്ങൾ ഇല്ല എന്നുള്ളത് കൊണ്ട് ചലനഗതികൾക്ക് വിഘ്നം കൂടാതെ തുടർന്നുകൊണ്ടേയിരിക്കുന്നു. മുന്നറിയിപ്പുകൾ അതാത് സമയത്തും സ്ഥലത്തും ലഭ്യമാകുന്നു എന്നുള്ളത് കൊണ്ട് വംശനാശമോ അംഗഭംഗമോ, മറ്റിതര വൈകല്യങ്ങളോ ഒന്നും തന്നെ ഇല്ലാതെ ഇതിൽ സഞ്ചരിക്കുന്നവർ രക്ഷപ്പെട്ടു പോകുന്നു. ഇതിന്റെ ത്വരിത ഗമനം നേതൃത്വ ഗുണമാണെന്ന് ധരിക്കുന്നു എങ്കിൽ നമുക്ക് തെറ്റി. വിലകൊടുത്തവൻ പരിപാലിച്ചു പോകുന്നു എന്നതാണ് വാസ്തവം. എന്നാൽ നയിക്കുന്നവന്റെ അസാന്നിധ്യം കൊണ്ട് എത്രനാൾ ഈ

ശേഷം 4-ാം പേജിൽ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ഫ്രാൻസ്

| | | |
|---|---|---|
| തലസ്ഥാനം | : | പാരീസ് |
| ഭാഷ | : | ഫ്രഞ്ച് |
| ജനസംഖ്യ | : | 64,756,584 |
| പ്രസിഡണ്ട് | : | ഇമ്മാനുവേൽ മക്രോൺ |
| മതം | : | നിരിശ്വരവാദം, ക്രിസ്ത്യൻ |

ഫ്രാൻസിൽ മുള പൊട്ടിയ നിരീശ്വരവാദത്തിന്റെയും ആത്മീയ മേഖലയിലെ അടിച്ചമർത്തലിന്റെയും ശക്തി തകരണം. ജീവിക്കുന്ന ദൈവം പ്രവർത്തിക്കണം. പ്രാർത്ഥിക്കുക.

സ്വദേശികളും വിദേശികളും ധാരാളം. ക്രിസ്തുവിന്റെ ഭാവം വിശ്വാസികൾക്കിടയിൽ രൂപപ്പെടണം. പ്രാർത്ഥിക്കുക.

അന്യമതസ്ഥരായ അനേകം കുടിയേറ്റക്കാർ. ഇവരെല്ലാം സുവിശേഷ പ്രഘോഷകരായി മാറണം. പ്രാർത്ഥിക്കുക.

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. റ്റൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**
Front Page Rs.5000/-
Back Page Rs.4000/-
Inside Page Rs.3000/-

**HALF PAGE**
Front Page Rs.2500/-
Back Page Rs.2000/-
Inside Page Rs.1500/-

**QUARTER PAGE**
Front Page Rs.1250/-
Back Page Rs.1000/-
Inside Page Rs.750/-

**HALF OF QUARTER PAGE**
Front Page Rs.750/-
Back Page Rs.250/-
Inside Page Rs.500/-

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

ഫെബ്രുവരി 29

**സങ്കി. 41:12** അവിടുന്ന് എന്റെ നിഷ്കളങ്കത്വം നിമിത്തം എന്നെ താങ്ങുന്നു, തിരുമുമ്പിൽ എന്നേക്കും എന്നെ നിർത്തുന്നു.

# റഷ്യൻ യുദ്ധത്തിന് അന്ത്യം കാണണം: ഉക്രൈൻ പ്രസിഡണ്ട് സൗദിയിൽ



റിയാദ്: റഷ്യ, ഉക്രൈൻ യുദ്ധത്തിന് അന്ത്യം കാണാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഉക്രൈൻ പ്രസിഡണ്ട് സെലൻസ്കിയും സംഘവും റിയാദിലെത്തി. വിഷയത്തിൽ സൗദി കിരീടാവകാശിയും പ്രധാന മന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായുള്ള ഔദ്യോഗിക ചർച്ചകൾ നടന്നു.
റിയാദ് ഡെപ്യൂട്ടി ഗവർണർ മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ രാജകുമാരൻ, സഹമന്ത്രിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ ഡോ. മുസാഅദ് അൽഈബാൻ, റിയാദ് മേയർ ഫൈസൽ ബിൻ അബ്ദുൽ അസീസ് ബിൻ അയ്യാഫ് രാജകുമാരൻ, ഉക്രൈനിലെ സൗദി അംബാസഡർ മുഹമ്മദ് അൽജിബ്‌രീൻ, റോയൽ പ്രോട്ടോകോൾ വിഭാഗം അണ്ടർ സെക്രട്ടറി ഫഹദ് അൽസുഹൈൽ എന്നിവർ ചേർന്ന് റിയാദ് കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റോയൽ ടെർമിനലിൽ ഉക്രൈൻ പ്രസിഡണ്ടിനെയും സംഘത്തെയും സ്വീകരിച്ചു.
റഷ്യൻ സ്‌റ്റേറ്റ് ഡ്യൂമ സ്പീക്കർ വ്യാചസ്ലാവ് വൊളോഡിൻ തിങ്കളാഴ്ച രാത്രി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായി റിയാദിൽ വെച്ച് വിശദമായ ചർച്ച നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് സൗദി കിരീടാവകാശിയുമായുള്ള ചർച്ചക്ക് ഉക്രൈൻ പ്രസിഡണ്ട് റിയാദിലെത്തിയത്.

## സെപ്ഷ്യൽ പാസ്റ്റേഴ്സ് മീറ്റ്; ഇന്ന് വൈകിട്ട് ആറിന്

തിരുവല്ല: ദേശീയ പ്രാർത്ഥന മൂവ്മെന്റിന്റെ ഭാഗമായി തിരുവല്ലയിൽ സംഘടിപ്പിക്കുന്ന മിഷനറി സായാഹ്നം ഇന്ന് വൈകിട്ട് ആറു മുതൽ എട്ടു വരെ മഞ്ഞാടി ഐ.പി.സി പ്രെയർ സെന്ററിൽ നടക്കും. പാസ്റ്റർമാരായ അരുൾ തോമസ്, ചാണ്ടി വർഗീസ്, രാജ് മോഹൻ, അനീഷ് മനോ സ്റ്റീഫൻ, കെ. ആർ. എബ്രഹാം എന്നിവർ ഡൽഹിയിൽ നിന്ന് ഈ മീറ്റിംഗിൽ പങ്കെടുക്കും. പാസ്റ്റർ രാജു പൂവക്കാല അദ്ധ്യക്ഷത വഹിക്കും.
ഏപ്രിൽ 5 മുതൽ 7 വരെ വിവിധ സംസ്ഥാനങ്ങളിൽ നടത്തുന്ന ഉപവാസ പ്രാർത്ഥനയുടെ പ്രാധാന്യത, ലക്ഷ്യം, ക്രമീകരണം എന്നിവയെ കുറിച്ച് യോഗത്തിൽ വിശദീകരിക്കും. പ്രെയർ സെൽ ലീഡേഴ്സ്, സന്നദ്ധ സുവിശേഷ പ്രവർത്തകർ, മിഷൻ ചർച്ച് ഭാരവാഹികൾ, സൺഡേസ്കൂൾ യൂത്ത് കൗൺസിലേഴ്സ് തുടങ്ങിയവർക്കും സഭാ പ്രതിനിധികൾക്കും യോഗത്തിൽ പങ്കെടുക്കാം.വിവരങ്ങൾക്ക്:
പാ.ജെറി അലക്സാണ്ടർ 9447592893,
പാ. ജോബി വർഗ്ഗീസ് 9447354848

## മതപരിവർത്തനം നടത്തി: നേഴ്സുമാർക്ക് എതിരെ കേസ്

ബെംഗളൂരു: കർണാടകയിലെ കലബുറഗി ജില്ലയിൽ നിർബന്ധിത മതപരിവർത്തനം നടത്തിയെന്നാരോപിച്ച് ഒമ്പത് ആക്ടിവിസ്റ്റുകൾക്കും രണ്ട് നഴ്സുമാർക്കുമെതിരെ എഫ്.ഐ.ആർ. നിർബന്ധിത മതപരിവർത്തനം നടത്തിയെന്ന് ആരോപിച്ച് ഹിന്ദു സംഘടനയായ ഹിന്ദു ജാഗ്രതി സേന നൽകിയ പരാതിയെ തുടർന്നാണ് കേസ്.
ജില്ലയിലെ റാത്കൽ ഗ്രാമത്തിലെ ഏതാനും ആളുകളെ ക്രിസ്ത്യൻ മതത്തിലേക്ക് പരിവർത്തനം ചെയ്യിക്കാൻ രണ്ട് ക്രിസ്ത്യൻ നഴ്സുമാർ ശ്രമിച്ചതായാണ് ആരോപണം. നഴ്സുമാർ പണം വാഗ്ദാനം ചെയ്ത് ആളുകളെ ക്രിസ്ത്യൻ മതത്തിലേക്ക് നിർബന്ധിച്ച് പരിവർത്തനം ചെയ്യിച്ചുവെന്ന് പരാതിയിൽ പറയുന്നു. മതപ്രഭാഷകരെ മുൻനിർത്തി നിർബന്ധിച്ച് ആളുകളെ കൊണ്ട് ബൈബിൾ വായിപ്പിച്ചുവെന്നും ഹിന്ദു ജാഗ്രതി സേന ആരോപിച്ചു.
സേനയിലെ അംഗങ്ങൾ സംഭവ സ്ഥലത്തെത്തി നഴ്സുമാരെ ചോദ്യം ചെയ്തതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നഴ്സുമാരും ആക്ടിവിസ്റ്റുകളും റാത്കൽ ഗ്രാമത്തിൽ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചതായും ഹിന്ദു ജാഗ്രതി സേന ആരോപണം ഉയർത്തി.
ഹിന്ദു മതത്തെ വ്രണപ്പെടുത്താനുള്ള നീക്കമാണ് സംസ്ഥാനത്ത് നടന്നതെന്നും ഈ നീക്കങ്ങൾ ഒരു രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണെന്നും ഹിന്ദു സംഘടന പറയുന്നു. അതേസമയം നഴ്സുമാരിൽ ഒരാളായ അശ്വിനി നൽകിയ പരാതിയിൽ ഹിന്ദു ജാഗ്രത സേന പ്രസിഡണ്ട് ശങ്കർ ചോക്ക, ബസവരാജ്, വിഷ്ണു എന്നിവർക്കെതിരെ അട്രോസിറ്റി ആക്ട്, ഐ.പി.സി വകുപ്പുകൾ പ്രകാരം പൊലീസ് കേസെടുത്തിട്ടുണ്ട്.

# തെരുവിലെ സുവിശേഷ പ്രസംഗകന് സ്കോട്ട് ലാൻഡ് പോലീസിന്റെ നഷ്ടപരിഹാരം



എഡിൻബറോ: അറസ്റ്റ് ചെയ്ത തെരുവ് സുവിശേഷ പ്രഘോഷകന് സ്കോട്ട് ലാൻഡ് പോലീസ് നഷ്ടപരിഹാരം. വ്യാജ ആരോപണ മുന്നയിച്ച് അറസ്റ്റ് ചെയ്ത തെരുവ് സുവിശേഷകന് സ്കോട്ട്ലൻഡിലെ പോലീ സ് വകുപ്പ് 5500 യൂറോയാണ് നഷ്ടപരിഹാരം നൽകിയത്. കംനോക്ക് ബാപ്റ്റിസ്റ്റ് ചർച്ചിന്റെ പാസ്റ്ററായ ആംഗസ് കാമറൂണിനാണ് നഷ്ട പരിഹാരം ലഭിച്ചത്. കൂടാതെ നിയമ നടപടി നേരിടേണ്ടി വന്നതിനു 9400 യൂറോയും ലഭിക്കും. ദ ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടാണ് കേസിൽ അദ്ദേഹത്ത പ്രതിനിധീകരിച്ചത്. വിദ്വേഷ പ്രചാരണം നടത്തിയെന്ന് പറഞ്ഞാണ് ഗ്ലാസ്ഗോ സിറ്റി സെന്ററിൽ പ്രസംഗമധ്യേ കാമറൂണിനെ പോലീസ് അറസ്റ്റ് ചെയ്തത്. വൈകാതെ കാമറൂണിനെ മോചിപ്പിക്കുകയായിരുന്നു. ഒരു വ്യക്തിയെയും ലക്ഷ്യം വച്ചോ മറ്റുള്ളവർക്ക് അരോചകമാകുന്ന വാക്കുകൾ ഉപയോഗിച്ചോ ദേഷ്യപ്പെട്ടോ അല്ല അദ്ദേഹം പ്രസംഗിച്ചതെന്നും ബൈ ബിൾ വചനം ഉദ്ധരിക്കുക മാത്രമാണ് ചെയ്തതെന്നും അതിൽ ക്രിമിനൽ തെറ്റ് ഒന്നുമില്ലെന്നും ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൊതു കാര്യങ്ങൾക്ക് വേണ്ടിയുള്ള ഡെപ്യൂട്ടി ഡയറക്ടർ സൈമൺ കാൽവേർട്ട് ചൂണ്ടിക്കാട്ടി. രണ്ടു ദിവസങ്ങൾക്ക് ശേഷം അറസ്റ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥൻ ഫോണിൽ വിളിച്ച് കാമറൂൺ വിചാരണ നേരിടേണ്ടി വരില്ലായെന്ന് അറിയിക്കുകയായിരുന്നു. കാമറൂണിന് എതിരെയുള്ള പരാതി ക്രിമിനൽ കുറ്റങ്ങളുടെ പരിധിയിൽ വരുന്നതല്ല എന്ന് പൂർണ്ണ ബോധ്യം ഉണ്ടായിട്ടുകൂടി പോലീസ് ഉദ്യോഗസ്ഥർ ആളുകൾ ബഹുമാനിക്കുന്ന നേതാവിനെ അറസ്റ്റ് ചെയ്തത് വീഴ്ചയാണെന്ന് സൈമൺ കാൽവേർട്ട് പറഞ്ഞു. അദ്ദേഹത്തിന് നിയമസഹായം നൽകാൻ സാധിച്ചതിലുള്ള സന്തോഷം പ്രകടിപ്പിച്ച കാൽവേർട്ട് കാമറൂണിന് ഉണ്ടായിരുന്ന നിയമത്തിന്റെ ശക്തമായ പിൻബലമാണ് കോടതിക്ക് പുറത്തു തന്നെ വിഷയം ഒത്തുതീർപ്പാക്കി നഷ്ടപരിഹാരം നൽകാൻ പോലീസിന് പ്രേരണയായതെന്നും കൂട്ടിച്ചേർത്തു.

# മല്ലപ്പള്ളിയിൽ സംയുക്ത വിബിഎസ്

മല്ലപ്പള്ളി: സ്ഥലത്തെ വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ ഒന്നു മുതൽ ആറു വരെ മുശാരിക്കവല ശാരോൻ ഹാളിൽ വെക്കേഷൻ ബൈബിൾ സ്കൂൾ നടക്കും. അറുപതിൽ പ്പരം സഭകളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുക്കും. പാസ്റ്റർ സാൻ പി. ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന ആരംഭ ആലോചന മീറ്റിംഗിൽ പാസ്റ്റർ ഗോഡ്സൺ പി. സണ്ണി, ഫിന്നി മല്ലപ്പള്ളി എന്നിവർ കോർഡിനേറ്റർമാരായി വിപുലമായ കമ്മറ്റി തിരഞ്ഞെടുത്തു. മല്ലപ്പള്ളി യുപിഎഫ് ആണ് സംഘാടകർ.

# തേനീച്ച കുത്തി മരിച്ചാൽ ഇനി രണ്ട് ലക്ഷം മാത്രം



തിരുവനന്തപുരം: തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം രണ്ട് ലക്ഷം രൂപ മാത്രമാക്കി വെട്ടിക്കുറച്ചു. വനത്തിനുള്ളിലാണ് ജീവഹാനിയെങ്കിൽ പത്ത് ലക്ഷം രൂപ ലഭിക്കും. ഇരു വിഭാഗത്തിലും പത്ത് ലക്ഷം രൂപയാണു മുൻപു നൽകിയിരുന്നത്. ഇതുസംബന്ധിച്ച 2022 ഒക്ടോബർ 25 ലെ ഉത്തരവാണ് കഴിഞ്ഞ മാസം 18നു ചേർന്ന മന്ത്രിസഭായോഗം ഭേദഗതി ചെയ്തത്. മുൻകാല പ്രാബല്യ ത്തോടെയാണ് ഭേദഗതിയെന്നതിനാൽ ആദ്യ ഉത്തരവിന്റെ തീയതി മുതലുള്ള മരണങ്ങളിലും വെട്ടികുറച്ച തുകയേ ലഭിക്കൂ. മുൻ ഉത്തരവിൽ വ്യക്തത വരുത്തി ഭേദഗതി ചെയ്തു' എന്നു മാത്രമായിരുന്നു മന്ത്രി സഭാ തീരുമാന ത്തിന്റെ ഔദ്യോഗിക അറിയിപ്പ്.2022ലെ ഉത്തരവിൽ പിഴവു ണ്ടായിരുന്നുവെന്നാണ് വനം മന്ത്രിയുടെ ഓഫിസിന്റെ വിശദീകരണം. ഭേദഗതി സംബന്ധിച്ച് വനം അഡി ഷനൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാലിന്റെ ഉത്തരവ് കഴിഞ്ഞ ദിവസം പുറത്തിറങ്ങി.

## 2-ാം പേജിൽ നിന്നും തുടർച്ച

സഞ്ചാരം നടത്താനാവും? മാനുഷിക മാർഗ്ഗനിർദേശങ്ങളും തൻ പൊരുമ കൊണ്ട് നടത്തുന്ന സൂത്രവാക്യങ്ങളും എത്രനാൾ ഈ വലിയ സമൂഹത്തെ നയിക്കാനാവും? കർത്താവിന്റെ അസാന്നിദ്ധ്യം തിരിച്ചറിയാതെ പോകുന്ന നേതൃത്വങ്ങൾ അണികളെ വൻ ദുരന്തത്തിലേക്കാണ് നയിക്കുന്നതെന്ന് അറിയുന്നത് നന്ന്. അവഗണിക്കരുത് മുന്നറിയിപ്പുകളെ ; കാരണം നമ്മൾ നയിക്കുന്ന ഈ സഞ്ചാരയാനത്തിൽ സകലവും ഉപേക്ഷിച്ച് പ്രതീക്ഷയോടെ, പ്രത്യാശയോടെ സഞ്ചരിക്കുന്ന നിഷ്കളങ്കർ നിരവധിയാണ്. ആയിരങ്ങളുടെ പ്രതീക്ഷകളും ചിറകലേറ്റി സഞ്ചരിക്കുന്ന നിയന്ത്രണം തങ്ങളുടെ കൈകളിൽ ഭദ്രമെന്ന് ചിന്തിക്കാതെ സകലത്തിന്റെയും നിയന്ത്രണത്തിന്റെ നാഥന് ഇത് കൈമാറാം.

ഇന്നിന്റെ ഏറ്റവും വലിയ പ്രത്യേകത സഞ്ചരിക്കുന്ന വാഹനത്തിന്റെ ഡ്രൈവർ ഇറങ്ങിപ്പോയി എന്ന് തിരിച്ചറിയാൻ കഴിയാത്ത നേതൃത്വം തൻ പൊരുമയുടെ കായബലത്തിൽ നടത്തുന്ന അഭ്യാസപ്രകടനങ്ങളാണ്. ഇതിനെ തടയിടുവാൻ, ഒരുപക്ഷേ കാര്യങ്ങൾ ബോധിപ്പിക്കുവാനെങ്കിലും ഒരു സമൂഹം ഇവിടെ ഉടലെടുക്കണം. വിഡ്ഢി വേഷം കെട്ടുന്ന രാജാക്കന്മാരുടെ എഴുന്നെള്ളലുകൾക്ക് ഓശാന പാടാനും പുതിയ പാത ഒരുക്കാനും വെഞ്ചാമരം വീശാനും ചിലരുണ്ടെന്നുള്ള ധാരണയിൽ അധികാരികൾക്ക് ഈ സഭയെ ഇങ്ങനെ കൊണ്ട് പോകാൻ പറ്റുമെന്ന് തോന്നുന്നില്ല. ചിലരെങ്കിലും ഈ പാതകളിൽ തടസ്സങ്ങൾ സൃഷ്ടിക്കപ്പെടാൻ എഴുന്നേൽക്കണം. കാരണം ഈ സഞ്ചാരം വിനാശത്തിലേക്കുള്ള അവസാന ലാപ്പാണ്. ഒപ്പം രക്ഷപെടാനുള്ള അവസാനത്തെ കച്ചിതുരുമ്പും. ഇതൊക്കെ സഞ്ചരിക്കുന്നവരും സഞ്ചാരം നിയന്ത്രണം ഏറ്റെടുക്കുന്നവരും അറിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു.....!.ഡ്രൈവർ ഇല്ലാതെ വാഹനം സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു

# പത്ത് വർഷങ്ങൾക്ക് ശേഷം ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയം




തിരുവനന്തപുരം: 2035ൽ ഇന്ത്യയുടെ ബഹിരാകാശ നിലയം ഉണ്ടാകുമെന്നും രാജ്യത്തിന്റെ സ്വന്തം റോക്കറ്റിൽ ഗഗന യാത്രികർ ചന്ദ്രന്റെ മണ്ണിലിറങ്ങുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുടെ ബഹിരാകാശ യാത്രാ പദ്ധതിയായ 'ഗഗൻയാനി'ൽ പോകുന്ന യാത്രികരെ വിഎസ്എസ്‌സിയിൽ നടന്ന ചടങ്ങിൽ അവതരിപ്പിച്ചതിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതു പുതിയ കാലഘട്ടത്തിന്റെ തുടക്കമാണ്. ലോകത്തിനു മുന്നിൽ ഇന്ത്യ സ്വന്തം സ്ഥാനം നേടിയെടുക്കുന്നു. ബഹിരാകാശ രംഗത്തും നേട്ടമുണ്ടാക്കുന്നു. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പതാക സ്ഥാപിച്ച ആദ്യത്തെ രാജ്യമായി ഇന്ത്യ മാറിയെന്നും പ്രധാനമന്ത്രി പറഞ്ഞു. ബഹിരാകാശ നിലയത്തിന്റെ ആദ്യഘട്ടം 2028 ൽ വിക്ഷേപിക്കുമെന്ന് ഐ എസ് ആർ ഒ ചെയർമാൻ എസ് സോമനാഥ് വ്യക്തമാക്കി. ഇതിന്റെ രൂപകൽപന അവസാന ഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു

# റെഡ് സീയിലൂടെ പോകുന്ന ഇന്റർനെറ്റ് കേബിളിന് തകരാറ്

കെയ്റോ: റെഡ് സീയിലൂടെ പോകുന്ന ഇന്റർനെറ്റ് കേബിളിന് തകരാറ് സംഭവിച്ചത് ആഫ്രിക്കക്കും യൂറോപ്പിനുമിടയിലുള്ള ഡാറ്റകളുടെ ഒഴുക്കിനെ സാരമായി ബാധിക്കുന്നു. ഹുതികളുടെ ആധിപത്യമുള്ള സ്ഥലത്താണ് കേബിളിന് തകരാറ് സംഭവിച്ചിരിക്കുന്നതെന്നതാണ് അനുമാനം. എന്നാൽ തകരാറിന്റെ കാരണം കൃത്യമല്ല. ഹൂതികളുടെ ഏരിയയിലായതിനാൽ അറ്റകുറ്റപ്പണിക്ക് ഭീഷണിയുമുണ്ട്. റെഡ് സീയിലെ പടിഞ്ഞാറൻ ഇന്റർനെറ്റ് കേബിളുകൾ നശിപ്പിക്കുമെന്ന് മുമ്പ് ഹൂതികൾ അറിയിച്ചിരുന്നു. എന്നാൽ ചെങ്കടൽ മേഖലയിലെ പ്രതിസന്ധിയാണ് കേബിൾ തകരാറിന് കാരണമെന്ന് ഇന്റർനാഷണൽ കമ്മ്യൂണിക്കേഷൻസ് കമ്പനി സെകോം അറിയിച്ചു. മുന്നറിയിപ്പ് നൽകിയതിന് ഏതാനും ആഴ്ചകൾക്ക് ശേഷമാണ് കേബിൾ തകരാറ് കണ്ടെത്തത് കാരണമാണ് ഹുതികളായിരിക്കാം ഇതിന് പിന്നിലെന്ന് അനുമാനിക്കപ്പെടുന്നത്. 'കിഴക്കൻ ആഫ്രിക്കയുമായി ബന്ധിപ്പിക്കുന്ന കേബിളുകൾക്കാണ് തകരാറ് സംഭവിച്ചിരിക്കുന്നത്. ഇത് ആഫ്രിക്കയും യൂറോപ്പും തമ്മിലുള്ള ഡാറ്റ കൈമാറ്റത്തിന് തടസ്സമുണ്ടാക്കിയിരിക്കുന്നു' കമ്പനി പറഞ്ഞു. എന്നാൽ മറ്റു കേബിളുകളെ കുറിച്ച് കമ്പനിയൊന്നും വ്യക്തമാക്കിയിട്ടില്ല

# അധിവർഷത്തിലെ ചില സ്വകാര്യങ്ങൾ



ഭൂമി ഒരു പ്രാവശ്യം സൂര്യനെ വലംവെക്കാനെടുക്കുന്ന സമയമാണ് സൗരവർഷം.

365 ദിവസം 5 മണിക്കൂർ, 48 മിനിറ്റ് 46 സെക്കൻഡ് സമയമാണ് ഇതിനാവശ്യം. എന്നാൽ നമ്മുടെ സൗകര്യാർത്ഥം 365 ദിവസമാക്കിയാണ് സാധാരണയായി വർഷം നിശ്ചയിക്കുന്നത്. ബാക്കിയായ സമയം ചേർത്ത് നാലു വർഷത്തിലൊരിക്കൽ ഒരു ദിവസമാക്കി മാറ്റുന്നു. അങ്ങനെ ഫെബ്രു. 29 അധിവർഷ (ലീപ്പ് ഇയർ) മായി മാറുന്നു.

1500 വർഷത്തോളം യൂറോപ്പിൽ ഉപയോഗിച്ചിരുന്ന ജൂലിയൻ കലണ്ടർ ജൂലിയസ് സീസർ അലക്സാണ്ട്രിയയിലെ സോസിജെനസ്സിന്റെ നിർദേശപ്രകാരം നടപ്പാക്കിയതാണ്. ആ കലണ്ടറിലും നാലുവർഷം കൂടുമ്പോൾ ഫെബ്രുവരിയിൽ ഒരു ദിവസം കൂട്ടി, 29 ദിവസങ്ങളാക്കിയിരുന്നു.എങ്കിലും ഒരു ചെറിയ ബാലൻസ് കിടന്നു. ഗ്രിഗോറിയൻ കലണ്ടർ വന്നതോടെയാണ് ആ പ്രശ്നം തീർന്നത്.

ഒരു ദിവസമെന്നാൽ 24 മണിക്കൂറാണ്. നാലു വർഷം കൂടുമ്പോൾ ഒരു അധികദിവസം കൂട്ടിയപ്പോൾ ഓരോ വർഷത്തിനും 6 മണിക്കൂർ (24ന്റെ നാലിലൊന്ന്) വീതം ലഭിച്ചു. ശരിക്കും വേണ്ടത് 5 മണിക്കൂർ 48 മിനിറ്റ് 46 സെക്കൻഡും. ഉള്ളൂ. ഈ അധിക സമയങ്ങൾ പെരുകിപ്പെരുകി 16നൂറ്റാണ്ടിൽ പത്ത് ദിവസത്തെ വ്യത്യാസം വന്നു. ഈ പ്രശ്നം പരിഹരിക്കുന്നത് ഗ്രിഗറി പതിമൂന്നാമൻ മാർപാപ്പയാണ്. അദ്ദേഹം 1582 ഒക്ടോബർ 4 വ്യാഴാഴ്ച കഴിഞ്ഞ് തൊട്ടടുത്ത ദിവസം ഒക്ടോബർ 15 വെള്ളിയാഴ്ചയാക്കി മാറ്റി. അതുവരെ അധികം വന്ന 10 ദിവസം കുറയ്ക്കുകയായിരുന്നു ലക്ഷ്യം. ഭാവിയിൽ ഈപ്രശ്;നം വരാതിരിക്കുവാൻ ഇന്നു കാണുന്ന വിധത്തിൽ ക്രമപ്പെടുത്തലുകളും ചെയ്തു. ജ്യോതിശ്ശാസ്ത്രകാരനും തത്ത്വചിന്തകനുമായിരുന്ന അലോഷിയസ് ലിലിയസാണ് ഈ കലണ്ടർ തയ്യാറാക്കിയത്. ഗ്രിഗോറിയൻ കലണ്ടറാണ് ഇന്ന് നമ്മൾ പിന്തുടരുന്നത്.

# അധിവർഷം കണ്ടുപിടിക്കാം

ഓരോ വർഷത്തെയും നമുക്ക് നാലുകൊണ്ട് ഹരിച്ചു നോക്കാം. പൂർണമായി ഹരിക്കാൻ കഴിയുന്നുണ്ടോ? എങ്കിൽ അത് അധിവർഷമാണ്. ഉദാഹരണത്തിന് 2024 എന്ന സംഖ്യയെ നാലുകൊണ്ട് നിശ്ശേഷം ഹരിക്കാവുന്നതാണ്. അതിനാൽ 2024 അധിവർഷമാണ്. നൂറ്റാണ്ടുതികയുന്ന വർഷങ്ങളാണെങ്കിൽ നാലുകൊണ്ടല്ല, നാനൂറ് കൊണ്ടാണ് ഹരിക്കേണ്ടത്. അപ്പോൾ പൂർണമായി ഹരിക്കാമെങ്കിലേ അത് അധിവർഷമാവൂ. 1200, 1600, 2000 എന്നിവ ശതവർഷങ്ങളാണ്. ഇവയെ 400 കൊണ്ട് നിശേഷം ഹരിക്കാം. അതിനാൽ അവ അധിവർഷങ്ങളാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
29 FEBRUARY 2024
VOL 03 | ISSUE 059 | 758

# ഇലക്ട്രോണിക് പുകവലി ആരോഗ്യത്തിന് ഹാനികരം



ഷാർജ: ശ്വാസതടസ്സവും നെഞ്ചിൽ അസ്വസ്ഥതയും അനുഭവപ്പെട്ടതിനെ തുടർന്ന് പതിനേഴ് വയസുള്ള മകളെ ഡോക്ടറെ കാണിക്കാനെത്തിയ മാതാപിതാക്കൾ ഞെട്ടി. സ്വന്തം മകൾ രണ്ട് വർഷമായി ഇലക്ട്രോണിക് സിഗരറ്റ് വലിക്ക് അഥവാ വാവിംഗിന് അടിമയാണെന്നാണ് കിട്ടിയ വിവരം.

പതിനേഴ് വയസ്സുള്ള ഹൈസ്കൂൾ വിദ്യാർത്ഥിനി സ്കൂളിലെ സ്പോർട്സ് പോലെയുള്ള കായികരംഗങ്ങളിൽ മികവ് പുലർത്തിയിരുന്നു.

നിരുപദ്രവകരവും സമപ്രായക്കാരുമായി ഇഴുകിച്ചേരാനുള്ള മാർഗവുമായാണ് കുട്ടി വാപ്പിഗിനെ കണ്ടത്. എന്നാൽ വർദ്ധിച്ച ക്ഷീണവും ക്ലാസിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ടും കണ്ടപ്പോൾ അവൾ അതിൽ നിന്നും പിന്മാറാൻ ശ്രമിച്ചു. പക്ഷേ വാപ്പിഗിനോടുള്ള അമിത ആസക്തി കാരണം അത് ഉപേക്ഷിക്കുന്നത് ഒടുവിൽ വെല്ലുവിളിയായി. യുഎഇയിൽ താമസിക്കുന്ന ഇറാഖി പ്രവാസികളായ മാതാപിതാക്കളുടെ മകളാണ് പെൺകുട്ടി.

'മെഡിക്കൽ ടെസ്റ്റിൽ കുട്ടിക്ക് ഉയർന്ന രക്തസമ്മർദ്ദവും ഹൃദയധമനികളുടെ അപര്യാപ്തതയുടെ ആദ്യ ലക്ഷണങ്ങളും കണ്ടെത്തി,' തുംബെ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലെ സ്പെഷ്യലിസ്റ്റ് ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ.കരീം ഘന്നം പറഞ്ഞു.

'ഹൃദയത്തിലും ശ്വാസകോശത്തിലും വാപ്പിഗ് ഉണ്ടാക്കുന്ന ദോഷഫലങ്ങളെക്കുറിച്ച് ഞങ്ങൾ അവളുമായി ചർച്ച ചെയ്തു. ഉടൻ തന്നെ ആ ശീലം ഉപേക്ഷിക്കാൻ കുട്ടിയോട് ആവശ്യപ്പെട്ടു. പെരുമാറ്റ ഇടപെടലുകൾ, നിക്കോട്ടിൻ റീപ്ലേസ്മെന്റ് തെറാപ്പി, നിലവിലുള്ള ആരോഗ്യ പരിരക്ഷാ പിന്തുണ എന്നിവ ഉൾപ്പെടുത്തി ചികിത്സ നടക്കുന്നുണ്ട്. കഴിഞ്ഞ കുറച്ച് മാസങ്ങളായി അവളുടെ രോഗലക്ഷണങ്ങളിലും മൊത്തത്തിലുള്ള ആരോഗ്യത്തിലും പുരോഗതിയുണ്ട്,' അദ്ദേഹം കൂട്ടിച്ചേർത്തു. പൊതുജനാരോഗ്യ പ്രതിസന്ധിയായ വാപ്പിംഗ് യുഎഇയിലെ വിദ്യാർത്ഥികളുടെ ഇടയിൽ സാധാരണമാകുന്നതായി ഡോക്ടർമാർ പറയുന്നു.

# ജനാധിപത്യത്തെ രക്ഷിച്ച സേഫ്റ്റി വാൽവായിരുന്നു സുപ്രിം കോടതി വിധി: ശ്രീധരൻ പിള്ള



പനാജി: ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ മാറ്റാൻ ആർക്കും അവകാശമില്ലെന്ന 1973ലെ സുപ്രീം കോടതി പതിമൂന്നംഗ ബെഞ്ചിന്റെ വിധി ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തെ രക്ഷിച്ച സേഫ്റ്റിവാൽവായിരുന്നുവെന്ന് ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള.

ശ്രീധരൻപിള്ളയുടെ 212ാം പുസ്തകം ബേസിക് സ്ട്രക്ചർ ആൻഡ് റിപ്പബ്ലിക് പ്രകാശിപ്പിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ശ്രീധരൻപിള്ളയുടെ പ്രവർത്തനങ്ങൾ ധർമം എവിടെയോ അവിടെ വിജയം എന്ന ദർശനത്തിൽ അധിഷ്ഠിതമാണെന്ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. ബിഷപ്പിൽ നിന്നും ജലസേചന മന്ത്രി സുഭാഷ് ശിരോദ്കർ പുസ്തകത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി. വികാരി ജനറൽമാരായ ഫാ. ഡോ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഫാ. ഡോ. ജയിംസ് പാല യ്ക്കൽ, ഫാ. ഡോ. വർഗീസ് താണമാവുങ്കൽ, ചാൻസലർ ഫാ. ഡോ. ഐസക് ആലഞ്ചേരി, പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കരിക്കൊമ്പിൽ, ആർക്കിപാർക്കിയൽ ഹിസ്റ്റോറിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ജോസഫ് കൊല്ലറ, ആർച്ച് ബിഷപ്സ് സെക്രട്ടറി ഫാ. മാത്യു കരിക്കണ്ടം എന്നിവർ പെരുന്തോട്ടത്തിനൊപ്പം ഗോവയിലെ രാജ്ഭവൻ സന്ദർശനത്തിനെത്തിയിരുന്നു. സദാനന്ദ് തനവാഡെ എംപി, ഗോവ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഹരിലാൽ മേനോൻ, രാജ്ഭവൻ സെക്ര ട്ടറി എം.ആർ.എം റാവു, സ്പെഷൽ ഓഫിസർ മിഹിർ വർധൻ, ഒഎസ് ഡി ജോമോൻ ജോബ് എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

## ആ ചെക്ക് പണം ആക്കി മാറ്റുന്നില്ലെങ്കിൽ...

2014 ൽ ഡോ. അബ്ദുൽ കലാം ഈറോഡിൽ സൗഭാഗ്യ ഗ്രൈന്ഡർ നിർമ്മാണ ശാലയിൽ ഒരു ഉദ്ഘാടന മീറ്റിങ്ങിനു പോയി. പ്രസംഗത്തിനു ശേഷം അവർ അദ്ദേഹത്തിനു ഒരു ഗ്രൈന്ഡർ സമ്മാനമായി നൽകി.

എന്നാൽ ഡോ. കലാം ആ സമ്മാനം വാങ്ങാൻ കൂട്ടാക്കിയില്ല. അദ്ദേഹത്തിനു സ്വന്തം ആവശ്യത്തിന് ഒരു ഗ്രൈന്ഡർ ആവശ്യമായിരുന്നു. അതിനാൽ ഒരു ഗ്രൈന്ഡറിൻറെ വിലയായ 4850 രൂപയുടെ ചെക്ക് കൊടുത്തു അദ്ദേഹം ഗ്രൈന്ഡർ സ്വീകരിച്ചു. രണ്ടു മാസം കഴിഞ്ഞും ആ കമ്പനി ആ ചെക്ക് പണം ആക്കിയില്ല എന്നറിഞ്ഞപ്പോൾ അദ്ദേഹം അതിന്റെ മാനേജറെ വിളിപ്പിച്ചു. ആ ചെക്ക് പണം ആക്കി മാറ്റുന്നില്ലെങ്കിൽ ഗ്രൈന്ഡർ തിരിച്ചയക്കും എന്നറിയിച്ചു. ഒടുവിൽ കമ്പനി നിവർത്തിയില്ലാതെ പണം സ്വീകരിച്ചു.



# വനപാലകർക്ക് റേഡിയോ കോളർ ഘടിപ്പിക്കുന്നതാണ് നല്ലത്: ബിഷപ്പ് പാംപ്ലാനി

കൽപറ്റ: ആനക്ക് താലി കെട്ടിയതല്ല റേഡിയോ കോളറെന്നും പകരം കാട്ടാനകളുടെ ചലനം നിരീക്ഷിക്കുന്നതിനാണ് ഘടിപ്പിച്ചിരിക്കുന്നതെന്നും തലശ്ശേരി ആർച്ച് ബിഷപ്പ് ജോസഫ് പാംപ്ലാനി.തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളു??ടെ നേതൃത്വത്തിൽ നടന്ന കർഷക പ്രതിഷേധ ജാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റേഡിയോ കോളർ ഘടിപ്പിച്ച ആന ജനവാസ കേന്ദ്രത്തിലിറങ്ങി പതിനഞ്ച് ദിവസമായിട്ടും വനംവകുപ്പിന് കണ്ടെത്താനായിട്ടില്ല. വന്യജീവികളെ തുരത്താൻ നിയോഗിക്കപ്പെട്ട വനപാലകർ ആ പണി ചെയ്യാതെ ശീതീകരിച്ച മുറിയിലിരിക്കുകയാണ്. കർഷകർക്കെതിരെ എഫ്.ഐ.ആർ ഇടുന്നതാണ് അവരുടെ പ്രധാനപണി. ആനക്ക് പകരം വനപാലകർക്ക് റേഡിയോ കോളർ ഘടിപ്പിക്കുന്നതാണ് നല്ലത്. എങ്കിൽ അവർ വരുമ്പോൾ കർഷകർക്ക് മാറിനിൽക്കാമല്ലോ വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്ന വയനാട്ടിലെ കർഷകർ മന്ത്രിമാരോട് പരാതി പറയുന്നതിനേക്കാൾ ഭേദം കടുവയോടും ആനയോടും സംസാരിക്കുന്നതാണ് ബിഷപ്പ് പാംപ്ലാനി ആക്ഷേപിച്ചു. വന്യജീവി ആക്രമണത്തിനെതിരെ വനംമന്ത്രി എ.കെ. ശശീന്ദ്രനും വനം വകുപ്പിനുമെതി?രെ രൂക്ഷ വിമർശനമാണ് ബിഷപ്പ് അഴിച്ചുവിട്ടത്.

# കുട്ടികളിൽ ചിലരെ മതം നോക്കി ടാർജറ്റ് ചെയ്ത് കുറ്റക്കാരാക്കി: ഇമാം ഏകോപന സമിതി

ഈരാറ്റുപേട്ട: പൂഞ്ഞാർ സെന്റ് മേരിസ് പള്ളിയിലെ യുവവൈദികനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ച കേസിൽ
വിവിധ സമുദായങ്ങളിലെ അമ്പതോളം വരുന്ന കുട്ടികളിൽ ചിലരെ മാത്രം മതം നോക്കി ടാർജറ്റ് ചെയ്ത് കുറ്റക്കാരായി ചിത്രീകരിച്ച് വർഗീയ ധ്രുവീകരണം നടത്താനുള്ള ശ്രമം അങ്ങേയറ്റം അപലപനീയവും അനീതിയുമാണെന്ന് കോട്ടയം താലൂക്ക് ഇമാം ഏകോപന സമിതി. പ്രസ്തുത സംഭവത്തിന് കാരണക്കാരായ മുഴുവൻ വിദ്യാർഥികളെയും നിയമത്തിന് മുമ്പിൽ കൊണ്ടുവരണം. മതം നോക്കാതെ രാഷ്ട്രീയം കലർത്താതെ ജനാധിപത്യപരമായി വേണ്ട നടപടികൾ സ്വീകരിക്കണം. സർക്കാർ അടിയന്തരമായി വിഷയത്തിൽ ഇടപെടണമെന്ന് സമിതി ആവശ്യപ്പെട്ടു. വാർത്തയിലെ വസ്തുതകൾ മറച്ചുവെച്ചു കൊണ്ടുള്ള പ്രതികരണങ്ങൾ പ്രതിഷേധാർഹമാണ്.സമയോചിതമായ ഇടപെടൽ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് നീതിപൂർവ്വം ഉണ്ടായില്ലെങ്കിൽ കാലങ്ങളായി നാം കാത്ത് സൂക്ഷിക്കുന്ന സാമുദായിക സൗഹൃദത്തിന് മങ്ങലേൽക്കുമെന്നും സമിതി വിലയിരുത്തി.ജില്ലയിലെ സൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള നുണ പ്രചാരണങ്ങളിൽ നിന്ന് വിട്ട് നിൽക്കണമെന്നും മതരാഷ്ട്രീയനേതൃത്വങ്ങളോടും ആഹ്വാനം ചെയ്ത സമിതി ഫാദർ തോമസിന് വിദ്യാർത്ഥികളിൽ നിന്നുണ്ടായ പരിക്കിലും ദുരനുഭവത്തിലും സമിതി അങ്ങേയറ്റം ഖേദം പ്രകടിപ്പിച്ചു.യോഗത്തിൽ ചെയർമാൻ ഷഫീഖ് മന്നാനി,ജനറൽ കൺവീനർ മുഹമ്മദ് നിഷാദ് ഖാസിമി,എക്സിക്യൂട്ടീവ് അംഗങ്ങളായ സാദിഖ് മൗലവി അൽ ഖാസിമി, അഷറഫ് അബ്റാരി ,ഹാരിസ് അബ്റാരി , മു.സുനീർ ഫലാഹി,അൻസാരി മൗലവി,നൗഫൽ മൗലവി എന്നിവർ പങ്കെടുത്തു




ദുബായ്: ഇന്നും നാളെയും യുഎഇയുടെ വിവിധ ഭാഗങ്ങൾ ഭാഗികമായി മേഘാവൃതമോ പൂർണ മേഘാവൃതമോ ആയിരിക്കുമെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.വടക്ക്, കിഴക്ക്, തെക്കൻ മേഖലകളിൽ നേരിയതോ മിതമായതോ ആയ മഴയ്ക്കും ചിലപ്പോൾ കനത്ത മഴയ്ക്കും സാധ്യതയുണ്ട്. റാസൽഖൈമ, ഉമ്മുൽ ഖുവൈൻ, അജ്മാൻ, അൽഐൻ എന്നിവ ഈ പ്രദേശങ്ങളിൽ ഉൾപ്പെടുന്നതാണ്. നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജി ഇന്നു മുതൽ മാർച്ച് ഒന്ന് വെള്ളിയാഴ്ച വരെയുള്ള കാലാവസ്ഥാ പ്രവചനങ്ങളാണ് പുറത്തുവിട്ടിരിക്കുന്നത് ഇന്ന് ഉച്ച മുതൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ശക്തമായ വടക്കുപടിഞ്ഞാറൻ കാറ്റ് പ്രതീക്ഷിക്കുന്നുണ്ട്. താപനില കുറയും. നാളെ ചില കിഴക്കൻ പ്രദേശങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ട്. കാറ്റിന്റെ അവസ്ഥ തുടക്കത്തിൽ തെക്കുകിഴക്ക് നേരിയതായിരിക്കുമെന്നും ഇന്ന് ഉച്ചയോടെ വടക്ക്പടിഞ്ഞാറ് ദിശയിലേക്ക് മാറുമെന്നും പ്രവചനമുണ്ട്. കാറ്റ് മിതമായതും ഇടയ്ക്കിടെ ശക്തിയുള്ളതുമായിരിക്കും. അതിനാൽ പൊടിയും മണലും വീശാൻ സാധ്യതയുണ്ട്. അറേബ്യൻ ഗൾഫ് കടൽ ചില സമയങ്ങളിൽ പ്രക്ഷുബ്ധമോ അതിപ്രക്ഷുബ്ധമോ ആയിമാറാൻ സാധ്യതയുണ്ട്. ഒമാൻ കടൽ തുടക്കത്തിൽ നേരിയതോ മിതമായതോ ആയിരിക്കുമെന്നും ഇന്ന് രാത്രിയോടെ പ്രക്ഷുബ്ധമാകുമെന്നും പ്രവചിക്കുന്നു. റിപ്പോർട്ട് അനുസരിച്ച്, രാജ്യം തെക്കുപടിഞ്ഞാറ് നിന്നുള്ള ഉപരിതല ന്യൂനമർദ്ദ സംവിധാനത്തിന്റെ സ്വാധീനത്തിന് കീഴിലാണ്.

# നിരണത്ത് പ്രാർഥനാ സംഗമം

നിരണം: സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പ്രാർഥനാ സംഗമം നടന്നു. ഗാനശു ശ്രൂഷയെ തുടർന്ന് മലങ്കര ഓർത്തഡോക്സ് സഭ പിആർഒ ഫാ. മോഹൻ ജോസഫ് ധ്യാന സന്ദേശം നൽകി. വികാരി ഫാ. തോമ സ് മാത്യു അധ്യക്ഷത വഹിച്ചു.

# മെൽബണിൽ ചർച്ച് ക്യാമ്പ്

മെൽബെൺ: കാൽവറി പെന്തക്കോസ്തൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നാളെ മുതൽ ശനിയാഴ്ച വരെ ചർച്ച് ക്യാമ്പ് നടക്കും.
43 മുറെയ്സ് റോഡിലെ അഡ്വഞ്ചർ റിപോർട്ടിൽ നടക്കുന്ന ക്യാമ്പിൽ പാ. പ്രകാശ് ജേക്കബാണ് മുഖ്യപ്രഭാഷണം

# ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പുനഃസ്ഥാപിക്കണം

കൊല്ലം:ഭരതർ ക്രിസ്ത്യൻ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പുനഃസ്ഥാപിക്കണമെന്ന് ഓൾ കേരള ഭരതർ ഐക്യസംഘം ആവശ്യപ്പെട്ടു.കൊല്ലം ജില്ലയിൽമാത്രം 2016 മുതൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. കിർത്താഡ്സ് റിപ്പോർട്ടുകളിലെ പിഴവാണ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനു കാരണമെന്നും സംഘടന ആരോപിച്ചു.നിവേദനങ്ങൾ പലപ്പോഴും സമർപ്പിച്ചിട്ടും നടപടിയുണ്ടായില്ല. ഇതിൽ പ്രതിഷേധിക്കാൻ മൂതാക്കര ഇടവക വികാരി ജോസഫ് ഡെറ്റോയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. സംഘടനാ സെക്രട്ടറി ടി.ബാബുകുമാർ, മത്സ്യത്തൊഴിലാളി പ്രതിനിധികളായ ജി.ജെയിംസ്, എ.ചന്ദ്ര, ഡി.ഫ്രാൻസിസ്, ത്യാഗരാജൻ, എച്ച്.റോബർട്ട്, ജോർജ് തോമസ്, മൈക്കിൾ ബ്രൂണോ, സൂസമരിയാൻ തുടങ്ങിയവർ പ്രസംഗിച്ചു

# മാവേലിക്കരയിൽ ബൈബിൾ കൺവൻഷൻ

മാവേലിക്കര: പതിമൂന്നാമത് മാവേലിക്കര ഭദ്രാസന ബൈബിൾ കൺവൻഷൻ മാർച്ച് 13 മുതൽ 16 വരെ പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽ നടക്കും.
13ന് വൈകുന്നേരം 5.30ന് സന്ധ്യാപ്രാർത്ഥനയോടുകൂടി ആരംഭിക്കും പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സാമുവൽ മാർ ഐറേനിയോസ്, മലങ്കര കത്തോലിക്കാ സഭ കൂരിയ മെത്രാൻ ഡോ. ആന്റണി മാർ സിൽവാനോസ്, മാർത്താണ്ഡം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. വിൻസന്റ് മാർ പൗലോസ് എന്നിവർ പ്രസംഗിക്കും. 16 ശനിയാഴ്ച രാവിലെ പ്രഭാത നമസ്കാരത്തിനുശേഷം ഭദ്രാസനത്തിലെ വൈദികസന്യസ്ത സംഗമവും എംസിഎ, എംസിഎംഎഫ്, എംസിവൈഎം, എംസിസിഎൽ എന്നീ ഭക്തസംഘടനകളുടെ സമ്മേളനവും നടക്കും. മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, തിരുവനന്തപുരം ലത്തീൻ രൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, പാറശാല രൂപതാധ്യക്ഷൻ ഡോ. തോമസ് മാർ യൗസേബിയോസ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ അനുഗ്രഹ സന്ദേശം നൽകും.
രാവിലെ പത്തുമണിക്ക് മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് വിശുദ്ധ കുർബാനയർപ്പിക്കും. തുടർന്ന് സ്നേഹവിരുന്നോടുകൂടി കൺവൻഷൻ സമാപിക്കും.

# ഞങ്ങളുടെ സേവനത്തിൽ അങ്ങ് സംതൃപ്തനാണോ?

യൂറോപ്പിലെ ഒരു പ്രമുഖ യാത്രവിമാന കമ്പനിയുടെ കന്നിഫ്ളൈറ്റിന്റെ കന്നിയാത്രവിദ്യാസമ്പന്നനും സമ്പന്നനുമെന്നു തോന്നും പോലെ മാന്യമായി വസ്ത്രം ധരിച്ച ഒരു യുവാവ് അതിൽ ഉണ്ടായിരുന്നു. ഫ്ളൈറ്റ് പറന്നുതുടങ്ങി. അല്പം കഴിഞ്ഞപ്പോൾ സാധാരണ പോലെ ഒരു ചഷകത്തിൽ മദ്യവുമായി എയർ ഹോസ്റ്റസ് അദ്ദേഹത്തെ സമീപിച്ചു, യുവാവ് അത് നന്ദിപൂർവ്വം നിരസിച്ചു.യുവതിയായ എയർ ഹോസ്റ്റസ് ആ യുവാവിന്റെ ചെയ്തിയിൽ വിസ്മയം പൂണ്ടു. ഒരുപക്ഷെ താൻ മദ്യചഷകം നൽകിയ രീതിയിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടാകാം യുവാവത് സ്വീകരിക്കാതിരുന്നത് എന്ന് ധരിച്ച അവൾ ആ ചഷകത്തിൽ അൽപ്പം കൂടി വിലയും ആകർഷണീയതയുമുള്ള മദ്യം നിറച്ച് അതൊരു ട്രേയിൽ വച്ച് ഉപചാരപൂർവം ഒരിക്കൽക്കൂടി യുവാവിനെ സമീപിച്ചു.ഇത്തവണയും യുവാവത് നന്ദിപൂർവം അത് നിരസിച്ചു. ജാള്യതയോടെ മടങ്ങിയ എയർഹോസ്റ്റസ് മൂന്നാമതും ആ യുവാവിനടുത്തെക്കു നടന്നു. ഇത്തവണ ഏറ്റവും ഭംഗിയുള്ള ട്രേയിൽ ഏറ്റവും ഭംഗിയുള്ള പളുങ്ക് ചഷകത്തിൽ അവരുടെ ശേഖരത്തിലെ ഏറ്റവും മുന്തിയ മദ്യവുമായിട്ടായിരുന്നു വരവ്. മൂന്നാം തവണയായിട്ടും തെല്ലും ആലോഹ്യം ഭാവിക്കാതെ നന്ദിപൂർവ്വം ആ യുവാവത് നിരസിച്ചു. ഇനി എന്തേ ചെയ്യേണ്ടൂ എന്നറിയാതെ അവൾ തന്റെ മാനേജരെ വിവരം ധരിപ്പിച്ചു.
ഇക്കാലത്ത് മദ്യം കഴിക്കാത്ത കുലീനയുവാവോ? അവിശ്വസനീയതയോടെ അദ്ദേഹം ആ യുവാവിനടുത്തെത്തി: 'സർ, ഞങ്ങളുടെ സേവനത്തിൽ അങ്ങ് സംതൃപ്തനാണോ? ദയവായി പറയാമോ?' യുവാവ് മന്ദഹാസത്തോടെ പറഞ്ഞു: 'തീർച്ചയായും'. മാനേജർ തുടർന്നു.'അപ്പോൾ ഞങ്ങളുടെ ബഹുമാന്യരായ യാത്രക്കാർക്ക് ഞങ്ങൾ നൽകുന്ന പാനോപചാരം അങ്ങ് സ്വീകരിക്കുമല്ലോ?' യുവാവത് വീണ്ടും നിരസിച്ചു. മാനേജർ വീണ്ടും വീണ്ടും അദ്ദേഹത്തെ നിർബന്ധിച്ചപ്പോൾ യുവാവ് പറഞ്ഞു.' നിങ്ങളുടെ പാനോപചാരം ഞാൻ സ്വീകരിക്കാം. പക്ഷെ ഈ വിമാനത്തിന്റെ പൈലറ്റും എന്റെ കൂടെ അത് പാനം ചെയ്യണം.' 'അയ്യോ അതെങ്ങനെ പറ്റും സർ? അദ്ദേഹം ഇപ്പോൾ ഡ്യൂട്ടിയിൽ അല്ലേ? അദ്ദേഹം മദ്യപിച്ചാൽ വിമാനം അപകടത്തിൽ പെടുവാൻ എല്ലാ സാധ്യതയും ഉണ്ട്. യുവാവ് മനജാരോട് തെല്ലൊരു മന്ദഹാസത്തോടെ പറഞ്ഞു.'സഹോദരാ, ഞാൻ ഒരു ക്രിസ്ത്യാനിയാണ്.ഞാൻ ദിവസത്തിൽ 24മണിക്കൂറും വർഷത്തിൽ 365 ദിവസവും ഡ്യൂട്ടിയിൽ ആണ്. എന്റെ വിശ്വാസം സംരക്ഷിക്കുന്നതിലും മറ്റുള്ളവരുടെ മുൻപിൽ കർത്താവിനു സാക്ഷ്യം വഹിക്കുന്നതിലും ലഭ്യമായ അവസരങ്ങളിൽ ഒക്കെ നന്മചെയ്യുന്നതിലും ഞാൻ സദാ വ്യാപൃതനാണ്.ഞാൻ എപ്പോഴും എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നതിനാൽ എങ്ങനെ മദ്യപിക്കും? മാനേജർ തോൽവി സമ്മതിച്ചു.പക്ഷെ മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് തോൽവിയുടെ ജാള്യത ആയിരുന്നില്ല, മറിച്ച് മൃതമായിരുന്ന തന്റെ ക്രൈസ്തവ വിശ്വാസത്തിനു നവജീവൻ ലഭിച്ചതിന്റെ കൃതാർത്ഥത ആയിരുന്നു.

# സംയുക്ത സൂം സമ്മേളനം ആസ്ട്രേലിയയിൽ

മെൽബൺ: ആസ്ട്രേലിയൻ ക്രിസ്ത്യൻ കോൺഫഡറേഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 4 തിങ്കളാഴ്ച സംയുക്ത സൂം സമ്മേളനം നടക്കും. ബിഷപ്പ് തോമസ് ജോസഫ് തറയിൽ , പാ. അനിൽ കൊടിത്തോട്ടം, ബ്രദ. സെബാസ്റ്റ്യൻ പുന്നക്കൽ, ബ്രദ. സെൽമൻ സോളമൻ തുടങ്ങിയവർ പ്രസംഗിക്കും. പീറ്റർ ചേരാനെല്ലൂർ, മനു മാത്യു & ടീം തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും. ക്രിസ്തുവിൽ ഒന്നാണ് നമ്മൾ എന്നതാണ് ചിന്താവിഷയം മീറ്റിംഗ്
ID: 643242871 2
Password: 2020






തയ്യാറാക്കിയത്:
ജോൺസി റോബിൻസൺ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **വെളിപ്പാട് 7 - 9**

1. ആകാശത്തുനിന്നും വീണ മഹാനക്ഷത്രത്തിന്റെ പേരെന്ത് ?
2. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്താണ്
3. വെട്ടുകിളിയുടെ രൂപം എന്തിന് സമമാണ്?
4. മഹാകഷ്ടത്തിൽ നിന്നും വന്നവർ എന്താണ് ധരിച്ചിരുന്നത്?
5. കുതിരയുടെ ശക്തി എന്തിലൊക്കെ ആയിരുന്നു?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. പറക്കുന്ന കഴുകിനു സദൃശ്യം
2. യാഗപീഠത്തിൻ കീഴിൽ
3. 24 മൂപ്പന്മാർ
4. മുദ്ര ഇട്ട ഒരു പുസ്തകം
5. ആറാം മുദ്ര


BROSCO PHARMACY
Your health, right away.
BROSCO PHARMACY
നിങ്ങൾ ആശങ്കയിലാണോ...?
നാട്ടിലെ കാര്യം ഓർത്തിട്ടാണോ...?
ഞങ്ങളുണ്ടെന്നേ ഒരു വിളിപ്പാടകലെ..!!
SPECIAL DISCOUNT
Medicines (13% - 40%)
Baby Food (4% - 6%)
Adult Diaper (53%)
Ortho Supports (15% - 20%)
Underpads (64%)
Baby Care (8% - 10%)
Pullups (48%)
Insulin (18% - 45%)
നിങ്ങളുടെ പ്രീയപ്പെട്ടവർക്ക് വേണ്ടുന്ന എല്ലാ മെഡിസിനും
മറ്റനുബന്ധ സാധനങ്ങളും
ഉത്തരവാദിത്വത്തോടെ നിങ്ങളുടെ വീടുകളിൽ
എത്തിക്കും ബ്രോസ്കോ ഫാർമസി.
വിശ്വാസ്യതയുടെ പര്യായം
HOME CARE PRODUCTS AVAILABLE
Feminine Hygiene Items
Oxygen Concentrator
Nutrition Supplements
Orthopaedic Items
Cosmetic Items
Baby Food
Baby Care Items
Veterinary Medicine
Ayurveda Medicines
Wheel Chairs & Walkers
FREE HOME DELIVERY
Within 5km Radius
ORDER NOW
CAL US : +91-6238062257
PATHANAMTHITTA
Maniyatt Building,
Near St. Peters Junction,
Pathanamthitta , Kerala
Call : +91- 7025588926
VADASSERIKKARA
Maniyatt Plaza,
Mannarakulanji Pamba Road,
Vadasserikkara , Kerala
Call : +91- 8590634011
KUMBANAD
Ikkara Peneal,
Near Quality Super Bazar
Kumbanad , Kerala
Call : +91- 7012761613
RANNI
Pearl Square Building,
Thottamon, Near SBI Bank,
Blockpadi Junction, Ranni
Call : +91- 8590628255